# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **07.02.2019 ൽ മറുപടിക്ക്**

**ചോദ്യം നം. 2410**

അയണിവേലിക്കുളങ്ങര വില്ലേജിലെ ഖനനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കരുനാഗപ്പള്ളി താലൂക്കിലെ അയണി വേലിക്കുളങ്ങര വില്ലേജിൽ ഖനനത്തിനായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയാണുള്ളതെന്ന് വിശദമാക്കുമോ; | (എ) & (ബി) | കരുനാഗപ്പള്ളി താലൂക്കിലെ പന്മന, അയണി വേലിക്കുളങ്ങര, ആലപ്പാട് വില്ലേജുകളിലായി 180 ഹെക്ടർ സ്ഥലത്ത് കരിമണൽ ഖനനം ചെയ്യുന്നതിനുള്ള അനുമതിയാണ് സർക്കാർ ഐ.ആർ.ഇ-ക്ക് നൽകിയിട്ടുള്ളത്. ഇതിൽ അയണിവേലിക്കുളങ്ങര വില്ലേജിൽപ്പെട്ട സ്ഥലങ്ങളിൽ ഇപ്പോൾ ഖനനം നടക്കുന്നില്ല. ഭാവിയിൽ സ്ഥലമുടമകളുടെ അനുമതി ലഭ്യമായ ശേഷം മാത്രമേ ഖനനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവൂ. |
| (ബി) ഇവിടത്തെ ഭൂവുടമകളിൽ നിന്ന് സ്ഥലം കൈമാറുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദീകരിക്കുമോ; | | |
| (സി) ഖനനത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തെ താമസക്കാർക്ക് പുനരധിവാസത്തിനായി ഏതെങ്കിലും പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) & (ഡി) | ഖനനം നടക്കാത്തതിനാൽ ബാധകമല്ല. |
| (ഡി) ഇവിടെ നിന്ന് ശേഖരിക്കുന്ന കരിമണലിൽ നിന്ന് ധാതുക്കൾ വേർതിരിച്ച ശേഷം വേസ്റ്റ് മണ്ണ് തിരികെ നിക്ഷേപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**